(സി&ഡി) 20-12-2014 തീയതിയിലെ 39225/ഡി2/14/ഉ.വി.വ. നമ്പർ കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് 21-7-2015-ന് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഇ) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ച് അനന്തര നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

പെരുമ്പാവൂർ മാർത്തോമാ വനിതാ കോളേജിൽ അദ്ധ്യാപക നിയമനം

5 (5067) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ ;

(ബി) പെരുമ്പാവൂർ മാർത്തോമ വനിതാ കോളേജിൽ 2005-06 അദ്ധ്യയന വർഷം അനുവദിച്ച ബി.എസ്സി കെമിസ്ട്രി മോഡൽ I-കോഴ്സിലേക്ക് ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാൻ അനുവദിക്കണമെന്ന കോളേജിന്റെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അദ്ധ്യാപക നിയമനം നടത്താൻ അനുവാദം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഉണ്ട്. ബി.എസ്സി കെമിസ്ട്രി മോഡൽ-I കോഴ്സിലേക്ക് ആവശ്യമായ അദ്ധ്യാപക തസ്തികകൾ അനുവദിക്കണമെന്ന കോളേജ് മാനേജരുടെ അപേക്ഷ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിനായി 23-7-2015-ലെ സർക്കാർ മേലെഴുത്ത് നമ്പർ19000/ഡി2/15/ഉ.വി.വ. പ്രകാരം അയച്ചുകൊടുത്തിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമാക്കി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

വിഭിന്നശേഷിയുള്ള കുട്ടികളുടെ സ്പെഷ്യൽ സ്കൂളുകൾ

6 (5069) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഭിന്നശേഷിയുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ എയ്ഡഡ് മേഖലയിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly